പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .163

04.02.2013-ൽ മറുപടിക്ക്

# കേരള തീരത്തെ കപ്പൽച്ചാലുകളിലെ അപകടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരളതീരത്തെ കപ്പൽ ചാലുകളിലെ അപകടങ്ങളും അതിക്രമങ്ങളും തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് 05.03.12 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറി, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, പോർട്ട്, ഫിഷറീസ് എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരുമായി കൂടിയ മീറ്റിംഗിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈകൊണ്ടു.<br>1) കേരളത്തിന്റെ കടൽ തീരം കൊള്ളക്കാരില്ലാത്ത പ്രദേശം (സെയ്ഫ് സോൺ) ആണെന്ന വിവരം തുടർച്ചയായി വിദേശ കപ്പലുകളെ കോസ്റ്റ് ഗാർഡ് അറിയിക്കേണ്ടതാണ്.<br>2) ഇക്കാര്യം പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ വി.എച്ച്.എഫ് സിസ്റ്റം വഴി തുടർച്ചയായ സന്ദേശങ്ങൾ വിദേശ കപ്പലുകൾക്ക് നൽകേണ്ടതാണ്.<br>3) കപ്പൽ ചാലുകളിൽ മത്സ്യബന്ധനം നടത്തരുതെന്നുള്ള നിർദ്ദേശം മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ വഴി നൽകേണ്ടതാണ്. |
| (ബി) അതിക്രമിച്ച് പ്രവേശിക്കുന്ന കപ്പലുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ; | (ബി) | 12 നോട്ടിക്കൽ മൈൽ വരെയുള്ള കടലിലെ മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളും മാത്രമേ സംസ്ഥാന സർക്കാരിന് നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. 12 |

നോട്ടിക്കൽ മൈലിന് അപ്പുറമുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിലാണ്. വിദേശ കപ്പലുകൾക്ക് കടലിലെ 12 നോട്ടിക്കൽ മൈലിനോട് ചേർന്നുള്ള പ്രദേശത്ത് കൂടി ദോഷകരമല്ലാത്ത രീതിയിൽ (Innocent Passage) കടന്നുപോകുന്നത് ടെറിട്ടോറിയൽ വാട്ടേഴ്സ്, കോണ്ടിനന്റൽ ഷെൽഫ്, (സെൻട്രൽ ആക്ട്) ലെ 4-ാം വകുപ്പ് പ്രകാരമാണ്. കേരളത്തിന്റെ അധികാര പരിധിയിലുള്ള തീരക്കടലിൽ വിദേശ കപ്പലുകൾ അതിക്രമിച്ച് കടക്കുകയാണെങ്കിൽ കെ.എം.എഫ്.ആർ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം/ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുന്ന വിദേശ ട്രോളറുകളെ നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) കേന്ദ്ര സർക്കാരാണ് ആഴക്കടൽ മത്സ്യബന്ധനത്തിന് കപ്പലുകൾക്ക് Letter of Permission (LOP) മുഖേന അനുമതി നൽകുന്നത്. കടലിലെ 12 നോട്ടിക്കൽ മൈൽ വരെയുള്ള ടെറിട്ടോറിയൽ മേഖല കഴിഞ്ഞ് എക്സ്ക്ലൂസീവ് എക്കണോമിക് സോൺ (EEZ) അവസാനിക്കുന്ന 200 നോട്ടിക്കൽ മൈൽ വരെയുള്ള കടൽ ഭാഗത്ത് മത്സ്യബന്ധനം നടത്തുന്നത് പ്രസ്തുത LOP യുടെ പിൻബലത്തിലാണ്. കേരള തീരക്കടലിൽ വിദേശ ട്രോളറുകളെ നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ